# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2620 19.7.2011-ൽ മറുപടിക്ക്

സ്കൂൾവാഹനങ്ങൾക്ക് വേഗതാ പരിധി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.സി.മമ്മൂട്ടി:<br>ശ്രീ.മഞ്ഞളാംകുഴി അലി:<br>ശ്രീ.കെ.എം.ഷാജി:<br>ശ്രീ.കെ.എൻ.എ.ഖാദർ: | | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) | സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്ന വാഹനങ്ങൾ അപകടത്തിൽ പെടുന്നതു തടയാൻ പോലീസ് വകുപ്പ് സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടികൾ വിശദമാക്കുമോ; | (എ) | വിദ്യാർത്ഥികളെ കൊണ്ടുപോകുന്ന സ്കൂൾ വാഹനങ്ങൾ അപകടത്തിൽപ്പെടുന്നത് തടയുന്നതിനായി, സുരക്ഷാ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയും, സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിട്ടിയുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങളും നൽകി വരുന്നു. സ്ക്കൂൾ ബസുകളിൽ വിദ്യാർത്ഥികളെ സീറ്റുകൾക്ക് അനുസൃതമായി മാത്രമേ കയറ്റാവൂ എന്നും വാഹനങ്ങൾക്ക് ഡോർ നിർബന്ധമായി വേണമെന്നും അമിതവേഗതയിലും അശ്രദ്ധയിലും വാഹനം ഓടിക്കാൻ പാടില്ലായെന്നും 10 വർഷത്തിൽ കൂടുതൽ വാഹനം ഓടിച്ച് പരിചയമുള്ളവരേയും വാഹനത്തിൽ മതിയായ ജീവനക്കാരെയും (കെയർ ടേക്കർ ) കുട്ടികളുടെ സുരക്ഷക്കു വേണ്ടി നിയോഗിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരം വാഹനങ്ങൾക്ക് വേഗതാ പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അതെത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്ന വാഹനങ്ങളുടെ വേഗതാ പരിധി ചുവടെ ചേർക്കുന്നു. |

## വേഗതാ പരിധി

| വാഹനം | സ്കൂൾ പരിസരം | മറ്റുറോഡുകൾ |
|---|---|---|
| കാർ/ജീപ്പ് | 25 കി.മീ | 40 കി.മീ |
| ഓട്ടോറിക്ഷാ | 25 കി.മീ | 30 കി.മീ |
| ബസ്സ് | 15 കി.മീ | 35 കി.മീ |

(സി) കുട്ടികളുടെ പ്രായത്തിനനുസൃതമായി പരമാവധി കയറ്റിക്കൊണ്ടു പോകാവുന്ന കുട്ടികളുടെ എണ്ണം നിയന്ത്രിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(സി) കേരള മോട്ടോർ വാഹന ചട്ടം 1989-ലെ റൂൾ-221 പ്രകാരം പരമാവധി കയറ്റാവുന്ന കുട്ടികളുടെ എണ്ണം നിജപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദമായ മാർഗ നിർദേശങ്ങൾ ഗതാഗത വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) നിയമങ്ങളെല്ലാം ലംഘിച്ച് കൊച്ചു കുട്ടികളെ കുത്തിനിറച്ച് സർവ്വീസ് നടത്തുന്ന വാഹനങ്ങളിൽ പലതിന്റെയും ഉടമകളിൽ പോലീസ് ഉദ്യോഗസ്ഥരോ അവരുടെ ബന്ധുക്കളോ ഉൾപ്പെട്ടിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) അക്കാരണത്താൽ നിയമലംഘനം നടത്തുന്ന ഇത്തരം വാഹനങ്ങളുടെ മേൽ നടപടി സ്വീകരിക്കാതിരിക്കുന്ന രീതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ഡി) യും (ഇ) യും ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഇതിനെതിരെ കർശന നടപടി സ്വീകരിക്കുമോ ?

(എഫ്) നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ